**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 969** **06.06.2018 ൽ മറുപടിയ്ക്ക്**

**വനശ്രീ മണൽ വിൽപ്പന**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ്. പി | | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വനശ്രീ മണൽ വിൽപ്പനയിൽ 2017 മുതൽ 2018 ഏപ്രിൽ വരെ ലഭിച്ച വരവ് എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തൂപ്പുഴ വനശ്രീ മണൽ ഡിപ്പോയിൽ നിന്നും 2017 വർഷം മുതൽ 2018 ഏപ്രിൽ വരെ മണൽ വിൽപന നടത്തിയിട്ടില്ല. |
| (ബി) | എത്ര അളവ് മണലാണ് ഈ കാലയളവിൽ ഖനനം ചെയ്ത് വില്പന നടത്തിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | **ഇക്കാലയളവിൽ മണൽ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1794 $m^3$ (3588 മെട്രിക് ടൺ) മണൽ ഖനനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ വില നിർണ്ണയം പൂർത്തിയാകാത്തതിനാൽ മണൽ വിപണനം നടത്തുവാൻ കഴിഞ്ഞിരുന്നില്ല.** |
| (സി) | പ്രസ്തുത മണൽ വില്പനയിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | (സി) | മണൽ വിതരണത്തിന് അപേക്ഷകൾ സ്വീകരിക്കുന്നത് പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. കൊല്ലം ജില്ല, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്ക് എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്ക് മാത്രമായി മണൽ വിതരണം പരിമിതപ്പെടുത്തി. $1m^3$ മുതൽ $10m^3$ വരെ മണലാണ് ഉപഭോക്താക്കൾക്കായി വിതരണം ചെയ്യുന്നത്. ആയതിലേയ്ക്ക് ഉപഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വാങ്ങിയ കെട്ടിട നിർമ്മാണ അനുമതി, വീടിന്റെ അംഗീകൃത പ്ലാൻ, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകത സർട്ടിഫിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ ഓൺലൈൻആയി അപ്‌ലോഡ് ചെയ്ത് വേണം അപേക്ഷ സമർപ്പിക്കേണ്ടത്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കീമുകൾ വഴി വീട് ലഭിച്ച ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ലോഡിന് 12425 രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ലോഡിന് 22225/- രൂപ നിരക്കുമാണ് നിശ്ചയിച്ചിട്ടുള്ളത്. മണൽ വിതരണം ഉടമസ്ഥന്റെ/ഉപഭോക്താവിന്റെ റേഷൻ കാർഡിൽ പതിച്ച് നൽകണമെന്ന നിബന്ധനയും ഉത്തരവിലുണ്ട് |

സെക്ഷൻ ഓഫീസർ